(ജി) അതിനെ സംബന്ധിച്ച നടപടികൾക്ക് താമസത്തിന് കാരണമെന്തു്;

(എച്ച്) എന്നേക്ക് കെട്ടിടം പണി ആരംഭിക്കും എന്നു പറയുവാൻ ഭയവുണ്ടാകുമോ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) 284.

(ബി) 68,400 ഉറുപ്പിക.

(സി) ഉണ്ടു്.

(ഡി) ധനവിനിയോഗ സാദ്ധ്യതയനുസരിച്ചു് ഈ പരിപാടി പഞ്ചവത്സരപദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണു്. എത്ര കാലംകൊണ്ടു് അതു് പൂർണ്ണമായി നടപ്പിൽ വരുത്തുവാൻ സാധിക്കുമെന്നു് പറയുവാൻ നിവൃത്തിയില്ല.

(ഈ) 7—10—1961—ൽ.

(എഫ്) നടപടികൾ എടുത്തുകൊണ്ടിരിക്കുന്നു.

(ജി) ബഡ്ജറ്റ് തുകയ്ക്കു വിധേയമായി വർഷംതോറും തയ്യാറാക്കിക്കൊണ്ടിരിക്കുന്ന മുൻഗണനാ ലിസ്റ്റനുസരിച്ചാണു് ജോലികൾ ഏറ്റെടുക്കുന്നതു്. ഈ ജില്ലയിൽ സ്വന്തമായി കെട്ടിടമില്ലാത്ത സ്കൂളുകളുടെ ആധിക്യവും പണത്തിന്റെ പരിമിതിയും മൂലം ടി സ്കൂളിനു് വേണ്ടത്ര മുൻഗണന കൊടുക്കുവാൻ കഴിഞ്ഞില്ല.

(എച്ച്) ഈ വർഷം തന്നെ സാധിക്കുമെന്നാണു് തോന്നുന്നതു്.

പറമ്പിക്കുളം നദീജലം പങ്കിടുന്നതിനെ സംബന്ധിച്ച സംഭാഷണം.

*204. [41] ശ്രീ. എം. വി. വാസു: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം നദീജലം പങ്കിടുന്നതിനെ സംബന്ധിച്ചു് സ്റ്റേറ്റു് ഗവണ്മെന്റും മദിരാശി ഗവണ്മെന്റും നടത്തിവന്നിരുന്ന സംഭാഷണം പൂർത്തിയായോ;

(ബി) ഇതു സംബന്ധിച്ചു് ഇരു ഗവണ്മെന്റുകളും തമ്മിൽ വല്ല കരാറിലും എത്തിച്ചേരുകയുണ്ടായോ;

(സി) ഉണ്ടെങ്കിൽ കരാറിന്റെ വിശദാംശങ്ങൾ എന്തെല്ലാമെന്നു പറയാമോ;

(ഡി) പാലക്കാടു് ജില്ലയിലെ ചിറ്റൂർ ഭാഗത്തിനും തൃശ്ശൂർ ജില്ലയിലെ പാലക്കാടി ഭാഗത്തിനും എത്ര കണ്ടു വെള്ളം കിട്ടുമെന്നു പറയാമോ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) ഇല്ല.

(ബി) ഇരു ഗവണ്മെന്റുകളും തമ്മിൽ അടിസ്ഥാനപരമായ ചില ധാരണകളിൽ എത്തിച്ചേർന്നിട്ടുണ്ടെങ്കിലും വിശദാംശങ്ങളെ സംബന്ധിച്ചു് ഇനിയും തീരുമാനമായിട്ടില്ല.

(സി) 'എ' യുടെയും 'ബി'യുടെയും ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) കരാറിന്റെ വിശദാംശങ്ങൾ പൂർത്തിയായതിനുശേഷമേ, ഇതു പറയുവാൻ നിവൃത്തിയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly